

# നൂലില്ലാ പട്ടം

## ജി.വി.എച്ച് എസ്.എസ് വാകേരി

- <u>താളുകളിലൂടെ</u>

പ്രളയം ........................................................ 3

കാലവർഷം........................................................ 4

മാതൃസ്നേഹം ...............................................5

പ്രളയം ലേഖനം.........................................6

കുളിർമഴ ................................................... 7

പിറന്നാൾ സമ്മാനം...................................8

പ്രളയം ഒരോർമ്മ............................ 9

ഒരു അതിജീവനത്തിന്റെ കഥ.................10

ഉപന്യാസം....................................................... 12

കലാമേള 2018-19 ......................... 15

# പ്രളയം

റിനിഷ ഫാത്തിമ



മഴ പെയ്യുന്നു
മണ്ണിൻ നറുമണം പൊങ്ങുന്നു
മയിൽ നർത്തനനമാടുന്നു
മഴത്തുള്ളികൾ മണ്ണിനെ പൊതിയുന്നു
പെയ്തു മഴ കഠിനമായി
പേമാരിയായി, ഇടിമിന്നലോടെ
പടർന്നു ഭയം
ഭീതി മണ്ണിലും മനസ്സിലും
ഭയക്കുന്നു ഞാൻ

അന്നും ഇന്നും പ്രളയം എന്ന ദുരന്തത്തെ

# മാതൃസ്നേഹം

മീര കെ .എം



ഒരു വീട് അമ്മയും അച്ഛനും രണ്ട് ആൺമക്കളുമടങ്ങുന്ന കുടുംബം. വർഷങ്ങൾ കടന്നുപോയികൊണ്ടിരുന്നു. മാതാപിതാക്കൾ പറയുന്നതെല്ലാം കേട്ട് രണ്ടുമക്കളും വളർന്നു. വിവാഹം കഴിഞ്ഞു, ആ ദാമ്പത്യജീവിതത്തിൽ സാഹോദര്യത്തെ കീറിമുറിച്ചുകൊണ്ട് വെറുപ്പിന്റെ വിടവുകൾ രൂപംകൊണ്ടു.ആ കുടുംബത്തിന്റെ സ്നേഹവും സമാധാനവും അറ്റുപോയിക്കൊണ്ടിരുന്നു. കാലങ്ങൾ കടന്നു. അച്ഛൻറെ കാലശേഷം അമ്മ മക്കൾക്കിടയിൽ പാലം നിർമ്മിച്ചു. അതവർക്ക് സ്നേഹത്തിന്റെയും ഒരുമയുടെയും കൂട്ടിലേക്ക് പോവാൻ ഉള്ളതായിരുന്നു. അതവർ നശിപ്പിക്കാൻ ശ്രമിച്ചു കൊണ്ടിരുന്നു. എന്നാൽ അമ്മ അതിന്റെ ആക്കം കൂട്ടി കൊണ്ടിരുന്നു. ഒടുവിൽ അമ്മയും സ്വർഗ്ഗത്തിലേക്ക് യാത്രയായി .ശേഷം വർഷങ്ങൾ കടന്നുപോയി. സഹോദരങ്ങൾ തമ്മിൽ സ്നേഹത്തിന്റെ വിത്തു പാകിയാണ് അമ്മ കടന്നുപോയത് .ഒരാൾക്ക് ഒരു പ്രശ്നമുണ്ടായാൽ മറ്റൊരാൾ അത് കണ്ടറിഞ്ഞ് സഹായിക്കാൻ തുടങ്ങി .അങ്ങനെ മാസങ്ങൾ കടന്നു. രണ്ടു പേരുടെയും മനസ്സിൽ അമ്മയുടെ ഓർമ്മകൾ മുളച്ചു.അപ്പോഴാണ് മാതൃസ്നേഹത്തിന്റെ വില അവർക്ക് മനസ്സിലായത്. പിന്നീട് ആ കുടുംബം സ്നേഹത്തോടെയും സന്തോഷത്തോടെയും ദിവസങ്ങൾ കടന്നു പോയി കൊണ്ടിരുന്നു. ഇന്നും ആ കുടുംബം നിലനിൽക്കുന്നു. സ്നേഹത്തിൻറെ സമാധാനത്തിന്റെ ഒരു ഉദാഹരണമായി.



# കാലവർഷം

ജിസ്ന റെജി

വീശിയടിക്കുന്ന കാറ്റിനൊപ്പം
തുള്ളിയായി പെയ്യുന്ന കാലവർഷം
പച്ചിലക്കൂട്ടത്തിനിടയിലൂടെ
ഭൂമിയിലെത്തുന്ന കാലവർഷം
കത്തിജ്വലിക്കുന്ന തീയിനെ പോലും
നിശ്വാസം കെടുത്തിക്കളഞ്ഞിടുന്ന
കൊടും ചൂടിനെ പോലും തണു-
പ്പിക്കുന്ന കാലവർഷം
കരിഞ്ഞുണങ്ങിക്കിടക്കുന്ന
ഭൂമിയെ ജലത്താൽ
പച്ച പുതച്ചിടുന്നീ-
കാലവർഷം
വറ്റിവരണ്ട ഭൂമിയെ പോലും
നിശ്വാസം നിറച്ചിടും നീ-
ഒരു ചെറു പൂവിൻറെ
മനസ്സിൽ സന്തോഷം
നിറച്ചിടും കാലവർഷം

# പ്രളയം

ലേഖനം

ദയ ദളാക്ഷൻ എം

നമ്മുടെ കേരളത്തിൽ 94 നു ശേഷമുണ്ടായ ഏറ്റവും വലിയ പ്രളയമാണിത്. ഇത് കേരളത്തിലെ ഒരു ദുരന്തം തന്നെയായിരിക്കുന്നു. കേരളത്തെ നശിപ്പിക്കുവാൻ എത്തിയ ഒരു ശത്രു. 2018 ജൂലൈ ആഗസ്റ്റ് മാസങ്ങളിൽ തെക്കുപടിഞ്ഞാറൻ കാലവർഷക്കാലത്ത് ഉയർന്ന അളവിൽ മഴപെയ്തതിന്റെ ഫലമായാണ് 2018 ലെ ഈ വെള്ളപ്പൊക്കത്തിന് കാരണം. ശക്തമായ മഴയെ തുടർന്ന് കേരളത്തിലെ മിക്ക ജില്ലകളിലും വെള്ളപ്പൊക്കവും മലമ്പ്രദേശങ്ങളിൽ ഉരുൾപൊട്ടലുണ്ടായി. അണക്കെട്ടിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്ന കാരണം ഷട്ടറുകൾ തുറന്നുവിട്ടു. ചരിത്രത്തിലാദ്യമായാണ് 54 ഷട്ടറുകളിൽ 35 എണ്ണം തുറന്നുവിടുന്നത്. ഈ കനത്ത മഴയിലും പ്രളയത്തിലും ഉരുൾപൊട്ടലിലും ഏകദേശം 483 പേർ മരിച്ചതായും 14 പേരെ കാണാതാവുകയും ചെയ്തു .കേരളത്തിലെ മിക്ക വീടുകളിലും വെള്ളംകയറി, അവർക്ക് ദുരിതാശ്വാസ ക്യാമ്പിലേക്ക് പോകേണ്ട അവസ്ഥ വന്നു .കനത്ത മഴയെതുടർന്ന് മിക്ക വീടുകൾ തകർന്നു വീഴുകയും ചെയ്തു. 391490 ലക്ഷം കുടുംബങ്ങളിൽ നിന്നായി 14707 ആളുകൾ ദുരിതാശ്വാസ ക്യാമ്പുകളിൽ ജീവിക്കേണ്ട അവസ്ഥ വന്നു .കേരളത്തിലെ ഏകദേശം നാൽപതിനായിരം കോടി രൂപയുടെ നഷ്ടമാണ് ഉണ്ടായത്. മനുഷ്യന്റെ അനാശാസ്ത്രീയമായ പ്രവൃത്തിമൂലമാണ് ഈ പ്രളയം ഉണ്ടായത്. ഈ പ്രളയം നമ്മെ പഠിപ്പിച്ചത് ജാതിമതഭേദമന്യേ എല്ലാവരും ഒത്തൊരുമയോടെ ജീവിക്കണമെന്നാണ് .ദുരിതാശ്വാസ ക്യാമ്പുകളിലും എല്ലാവരും ഒരുമയോടെ ആയിരുന്നു. സാമ്പത്തിക ഉച്ചനീചത്വങ്ങൾ ഇല്ലാതാവുകയും മനുഷ്യൻ ഒറ്റക്കെട്ടായി ജീവിക്കാൻ പഠിക്കുകയും ചെയ്തു.

# കുളിർമഴ

മീര കെ.എം

ഞാൻ
എൻറെ വീടിൻറെ
ഉമ്മറത്തിണ്ണയിൽ നിന്നും
ആകാശത്തിന്റെ  അന്ധകാരത്തിലേക്ക്
ഒന്നെത്തിനോക്കി
അപ്പോളതാ
മഴ
ചില ശബ്ദഘോഷങ്ങളായി
ഓടിവന്നു
അന്ന് മഴയെന്ന കുളിരിനെ–
ഞാനറിഞ്ഞു.
തുള്ളിയായിന്നെന്റെ മാറി–
ലെത്തി പിന്നെ ശബ്ദ–
മാലെങ്ങും നിറഞ്ഞു പോയി
പിന്നെ മഴയെന്ന
കുളിരങ്ങ് മാഞ്ഞുപോയി
ഞാനന്ന് മറ്റൊരു
മഴക്കായി കാത്തിരുന്നു.

# പിറന്നാൾ സമ്മാനം

മീര കെ.എം

പണ്ട് ഒരു വലിയ നഗരത്തിൽ അടുത്തായി ശാന്തിപുരം എന്ന ഒരു ഗ്രാമമുണ്ടായിരുന്നു. അവിടെ ഒരു അമ്മയും മകനും താമസിച്ചിരുന്നു. അങ്ങനെ അമ്മ മകനെ സ്കൂളിൽ ചേർത്തു. സ്കൂളിൽ പോകാൻ അവന് ഇഷ്ടമായിരുന്നു. എന്നാൽ അമ്മയെ പിരിഞ്ഞു നിൽക്കുക എന്നത് അവന് വിഷമകരമായ കാര്യം ആയിരുന്നു. എന്നാലും, അവൻ സ്കൂളിൽ പോയിത്തുടങ്ങി. ഓരോ ദിവസവും സ്കൂളിൽ നടക്കുന്ന കാര്യങ്ങൾ ഒന്നും വിടാതെ അവൻ അമ്മയോട് ചെന്ന് പറയുമായിരുന്നു. അമ്മ അത് ക്ഷമയോടെ കേൾക്കുമായിരുന്നു .അങ്ങനെ ഓരോ ദിവസവും കടന്നു പൊയ്ക്കൊണ്ടിരിക്കെ ഒരു ദിവസം അവനെ അച്ഛൻറെ പേരും പറഞ്ഞ് കളിയാക്കി. അവൻറെ അച്ഛൻ ഒരു ലോറി ഇടിച്ചാണ് മരണപ്പെട്ടത്. ആ സംഭവത്തെതുടർന്ന് അവൻ ഓരോ ദിവസവും വിഷമിച്ചു കൊണ്ടിരുന്നു. അപ്പോൾ അവന്റെ അമ്മ അവനെ അടുത്തുവിളിച്ച് പറഞ്ഞു 'നമ്മുടെ വിഷമങ്ങളെ ഓർത്തുകൊണ്ട് ദുഃഖിക്കേണ്ട അതിനെ അതിജീവിക്കുകയാണ് വേണ്ടത്'. അങ്ങനെ അവൻ പഠിച്ചു മുന്നേറി. എല്ലാ മത്സരങ്ങളിലും ഒന്നാം സ്ഥാനം കൈവരിച്ചു. അങ്ങനെയിരിക്കെ ഒരുദിവസം അവന്റെ പിറന്നാളായിരുന്നു, പതിനേഴാം പിറന്നാൾ .അപ്പോൾ അവൻ അമ്മയോട് ചോദിച്ചു, എന്റെ പതിനെട്ടാമത്തെ പിറന്നാളിന് അമ്മ എനിക്ക് എന്ത് സമ്മാനമാണ് തരുന്നത്?.അപ്പോൾ അമ്മ പറഞ്ഞു അത് അപ്പോഴത്തെ കാര്യമല്ലെ ,അത് അന്ന് തീരുമാനിക്കാം.അങ്ങനെ നാളുകൾ കടന്നു പോയി.ഒരു ദിവസം അവന്റെ കണ്ണിൽ ആസിഡ് പറ്റി,അവന്റെ കാഴ്ച് നഷ്ട്പ്പെട്ടു.കുറച്ച് നാളുകൾക്ക്ശേഷം അവന് കാഴ്ച് തിരിച്ച് കിട്ടി.വീട്ടിൽ ചെന്നപ്പോഴാണ് അവൻ അറിയുന്നത്,അവന്റെ അമ്മയുടെ കണ്ണാണ് അവന് നൽകിയത് എന്ന്.അന്ന് അവന്റെ പതിനെട്ടാം പിറന്നാൾ ആയിരുന്നു.അപ്പോൾ അതിനിടയിൽ ഉണ്ടായിരുന്നു.ഇതാണ് ഞാൻ തന്ന പിറന്നാൾ സമ്മാനം.



# പ്രളയം ഒരോർമ്മ

ആര്യനന്ദ കെ.എ

കേരളം ഇതുവരെ കാണാത്ത ഒരു പ്രളയമാണ് നമ്മൾ ഇതുവരെ കണ്ടത്. പ്രളയം കാരണം നമ്മുടെ മലയാളികൾ അനുഭവിച്ചത് തീരാത്ത വേദനകളാണ്. ഇതുകാരണം, കുറേ നാശനഷ്ടങ്ങൾ സംഭവിച്ചു .ലോകം മൊത്തം അട്ടിമറിച്ചത് പോലെയാണ് പ്രളയം .അതുകൊണ്ടുണ്ടായ നാശനഷ്ടങ്ങൾ ഒരിക്കലും ആർക്കും നികത്താൻ പറ്റുന്നതിലും അപ്പുറത്താണ് .ലോകമെമ്പാടുമുള്ള ആളുകളെ കണ്ണീരിലാഴ്ത്തി പ്രളയം കൊണ്ടുണ്ടായ നാശനഷ്ടങ്ങൾ കോടികൾ വിലമതിക്കുന്നതിലും അപ്പുറമാണ്. സാധാരണക്കാരിൽ ഇത് വലിയ ഒരു ഭീകരതയാണ് സൃഷ്ടിച്ചത്. വന്യജീവികളും പിഞ്ചുകുഞ്ഞുങ്ങളും അടക്കം നൂറുകണക്കിന് ആളുകൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. കേരളം കണ്ട ഏറ്റവും വലിയ ദുരന്തമാണ് ഈ സംഭവിച്ച പ്രളയം. കേരളത്തിൽ ഉടനീളം മറക്കാൻ പറ്റാത്ത അനുഭവമായി മാറി.

പ്രളയം നമ്മെ

കണ്ണീരിലാഴ്ത്തി .

# ഒരു അതിജീവനത്തിന്റെ കഥ

മീര കെ.എം

ഒരു രാത്രി രാമുവും അവന്റെ ഭാര്യസുമയും മൂന്ന് കുട്ടികളും കട്ടിലിൽ കിടക്കുന്നു .അങ്ങനെ ഉറക്കത്തിലേക്ക് വഴുതി വീഴാൻ തുടങ്ങുമ്പോൾ ആരുടെയോ നിലവിളി രാമുവിന്റ കാതിൽ പ്രതിധ്വനിക്കുന്നതായി അവനു തോന്നി. അവൻ പിടഞ്ഞെണീറ്റ് വീടിൻറെ ഉമ്മറത്തേക്ക് ഒന്ന് നോക്കി. അപ്പോൾ രാമുവിന്റെ വീടിന്റ അടുത്ത് നിന്നും ആരോ വിളിച്ചു പറയുന്നതു കേട്ടു

"വെള്ളം വരുന്നുണ്ട് ഇപ്പോൾ ഇവിടെയും എത്തും എല്ലാവരും ഓടി രക്ഷപ്പെട്ടോ"

അതുകേട്ടതും എന്റെയുള്ളിൽ എന്തെന്നില്ലാത്ത ഒരു ഭീതി ഉളവായി. ഞാൻ അകത്തേക്ക് ഓടി കയറി വാതിൽമുറകെയടച്ചു എന്നിട്ട് ഉറങ്ങിക്കിടക്കുന്ന ഭാര്യയെ വിളിച്ചുണർത്തി സുമേ സുമേ ഭാര്യ ഒന്ന് കണ്ണ് തിരുമ്മി കൊണ്ട് ചോദിച്ചു

എന്തിനാ മനുഷ്യാ കിടന്ന് ഒച്ചവെക്കുന്നത്?

ഇവിടെയൊക്കെ വെള്ളം കയറാൻ പോകുന്നു നീ വേഗം കുഞ്ഞുങ്ങളെ എടുക്ക്.

സുമ ചോദിച്ചു

ഇനി ഇപ്പോൾ നമ്മൾ എങ്ങോട്ട് പോകും രണ്ടുനില വീടായിരുന്നെങ്കിൽ മുകളിലത്തെ മുറിയിലെങ്കിലും കയറിനിൽക്കാ മായിരുന്നു. അവർ തൊട്ടടുത്ത രണ്ടുനില വീട്ടിലെ രാധേച്ചിയെ വിളിച്ചു രാധേച്ചി രാധേച്ചി ഞങ്ങൾ അങ്ങോട്ട് വന്നോട്ടെ ഇവിടെ ഇപ്പോൾ വെള്ളം കയറും.രാധേച്ചി പറഞ്ഞു പെട്ടന്ന് വാ അവരെയും കൂട്ടിക്കൊ

എന്നിട്ട് അവരെ വിളിക്കാൻഅകത്തേക്ക് ചെന്നപ്പോൾ സുമ എന്തൊക്കെയൊ സാധനങ്ങൾ ധൃതിയിൽ പെറുക്കി അലമാരയ്ക്കു മുകളിലും ബെർത്തിന് മുകളിലുമെല്ലാം അടുക്കിവയ്ക്കുകയായിരുന്നു.

പിന്നീട് ഒട്ടും സമയം കളയാതെ ഞങ്ങൾ കുട്ടികളെ എടുത്ത് രതേച്ചിയുടെ വീട്ടിലെത്തി അവരുടെ വീടിന്റെ താഴത്തെ നിലയിൽ മുട്ടോളം വെള്ളം

## നൂലില്ലാ പട്ടം

കയറിയിരുന്നു.ഓരോ സെക്കന്റിലും വെള്ളത്തിന്റെ അളവ് കൂടിക്കൊണ്ടേയിരുന്നു.ഞാൻ

അവരെ എങ്ങനെയോ മുകളിലെത്തിച്ചു. അപ്പോൾ അവിടെ അപരിചിതരായ വേറെ ആരൊക്കെയോ ഞങ്ങളേക്കാൾ മുമ്പെത്തി യിരുന്നു.

എല്ലാവരും ഓരോരോസ്ഥലത്ത് പരമാവധി ഒതുങ്ങികിടന്നുറങ്ങുമ്പോഴും ഇടയ്ക്കിടയ്ക്ക് എഴുന്നേറ്റ് വെള്ളത്തിൻറെ അളവ് കുറയുന്നുണ്ടോ എന്ന് നോക്കുമായിരുന്നു. അങ്ങനെ രാവിലെ ആയി.പൊതുവെ ഭക്ഷണപ്രിയനായിരുന്നുവെങ്കിലും

ധാരാളം പേർ ഉണ്ടായിരുന്നതുകൊണ്ട് ഞാൻ വളരെ കുറച്ച് മാത്രമേ കഴിച്ചിരുന്നുള്ളൂ. അങ്ങനെയിരിക്കെ രണ്ടുദിവസം കടന്നുപോയിരിക്കുന്നു. ഞാൻ പലപ്പോഴും സുരക്ഷസേനയുമായി ബന്ധപ്പെട്ടെങ്കിലും തീവ്രമായ ഒഴുക്ക് കാരണം ഇവിടെ ഒന്നും തന്നെ എത്തിക്കാൻ കഴിയില്ലെന്ന് അവർ വീണ്ടും വീണ്ടും പറഞ്ഞു. ഒരുപാട് രോഗികളായ വ്യക്തികളും കൂടെയുണ്ട്. അവർക്ക് പെട്ടെന്ന് എങ്ങാനും അസുഖം കൂടിയാൽ ആശുപത്രിയിൽ എത്തിക്കാനുള്ള ഒരു സംവിധാനം പോലും ഞങ്ങളുടെ കയ്യിലില്ലായിരുന്നു .പെട്ടെന്ന് ഞാൻ ഒരു വാർത്ത കേട്ടു, ഭക്ഷണവും കുടിവെള്ളവും എല്ലാം തീർന്നു തുടങ്ങിയിരിക്കുന്നു.

എന്തുചെയ്യുമെന്നറിയാതെ ഞങ്ങളെല്ലാവരും ആശങ്കയിലാണ് .പെട്ടന്നാണ് ഒരു ഹെലികോപ്റ്ററിന്റെ ശബ്ദം കാതിൽ മുഴങ്ങി തുടങ്ങി. ഞാനുടൻ എത്തിനോക്കി ,വ്യോമസേന ഉദ്യോഗസ്ഥരായിരുന്നു അതിൽ അവർക്ക് ഞങ്ങൾക്ക് തരാനായി സാധനങ്ങളും വസ്ത്രവും ഉണ്ടായിരുന്നു. എല്ലാവരും സന്തോഷത്താൽ തുള്ളിച്ചാടി. ആത്മവിശ്വാസത്തിന്റെ ഒരു പുഞ്ചിരി എനിക്ക് അവരിൽ തെളിഞ്ഞു കാണാമായിരുന്നു.

# ഉപന്യാസം

കെ.എം. മീര

പ്രകൃതിക്ക് മുന്നിൽ മനുഷ്യൻ എത്ര നിസ്സഹായനും നിരായുധനും ആണെന്ന് കേരളം തിരിച്ചറിയുകയാണ്. ഇത്രമേൽ തീവ്ര ശേഷിയോടെ പ്രകൃതി ആഘാതമേൽപ്പിച്ച ഒരുകാലം സമീപ ചരിത്രത്തിലില്ല. നമുക്ക് ചെയ്യാനുള്ളത് ഒന്നുമാത്രം കരുത്തോടെ ഒറ്റക്കെട്ടായി ഈ ദുരിതകാലത്തെ നേരിടുക .മഴ ഒരുക്കിയ ഒരു  പാഠവും മറക്കാതെ പഠിച്ചു വയ്ക്കുക.  ആശ്വാസത്തിന്റെ കരങ്ങളിൽ ദുരിതബാധിതരെയും രക്ഷാപ്രവർത്തകരെയും ഉപദേശിക്കാതിരിക്കുക. എന്നത് ഒരു പ്രധാന ദൗത്യം ആണ്.വെള്ളം കയറിയിറങ്ങിയ വഴികളിലൂടെ ഒന്നുകൂടി നമുക്കും കയറിയിറങ്ങാം .വെള്ളം കാണിച്ചു തന്ന വഴികൾ ഒരിക്കലും മറന്നു പോകില്ല എന്ന് മനസ്സിലുറപ്പിക്കാം. ഒന്നിച്ചു  നിൽക്കുകയല്ലാതെ ഒന്നും ചെയ്യാനാവാത്ത ദുരിത കാലമാണ് മഴ നമുക്ക് സമ്മാനിച്ചത്. ഇപ്പോഴും കലി പൂണ്ട് തുടരുകയാണ് പേമാരി.

വെള്ളം പൊങ്ങുകയും അതേവേഗത്തിൽ ഇറങ്ങുകയും ചെയ്യുന്നതാണ് പതിവ് രീതി. കൂടിപ്പോയാൽ ഒരു ദിവസം വെള്ളം ഇറങ്ങാതെ നിൽക്കും .ഇതാണ് കേരളം പരിചയിച്ച വെള്ളം വെള്ളപ്പൊക്കം .ഇത്തവണ ഇതെല്ലാം തെറ്റിച്ചാണ് മഴയും പുഴകളും ഒത്തുകളിച്ചത്. ഇടമുറിയാതെ ഇടവപ്പാതി എന്തെന്ന് പുതിയ തലമുറ കാണുകയായിരുന്നു .നിരന്തരം ശക്തമായി മഴപെയ്തു. നാടും നഗരവും കാടും മലയും പുഴയും അതിൽ മുങ്ങി.കേരളം പ്രളയം എന്ന യാഥാർത്ഥ്യം അനുഭവിച്ചു തുടങ്ങുകയായിരുന്നു. മഴ അതി ശക്തമാവുകയും വെള്ളം കവിഞ്ഞൊഴുകുകയും അത് ഒഴുകി പോകുന്ന വഴിയെല്ലാം തടസ്സങ്ങൾ ഉയരുകയും ചെയ്തപ്പോൾ പുഴ വഴി മാറിയൊഴുകാൻ തീരുമാനിച്ചു. സംഭരിണികളിലെ ജലം കൂടി എത്തിയതോടെ അപ്പാടെ വെള്ളത്തിൽ മുങ്ങുന്ന സ്ഥിതിയായി.നികത്തിയ വയലിലും തണ്ണീർതടത്തിലും സിമന്റ് ഇട്ട് ഭംഗിയാക്കിയ മുറ്റത്തും വെള്ളം.പെരുമഴയും

## നൂലില്ലാ പട്ടം

പ്രകൃതിയെ മറന്നുള്ള വികസനവും കൈകോർത്തും കേരളം പ്രളയ ജലത്തിൽ മുങ്ങി.എല്ലാ പുഴകളും കവിഞ്ഞൊഴുകി.നേരത്തേതന്നെ വെള്ളം നിറഞ്ഞിരുന്ന സംഭരണികൾ ഓരോന്നായി തുറന്നു വിടേണ്ടി വന്നു.കായലും കുളവും തോടും എല്ലാം നിറഞ്ഞൊഴുകിയതോടെ നാടാകെ വെള്ളത്തിനടിയിൽ കെട്ടിടങ്ങളും,പാലവും,റോഡും, വാഹനങ്ങളും തകർത്തായിരുന്നു വെള്ളത്തിന്റെ വരവ്.പാറ,ചെടികൾ പ്ലാസ്റ്റിക്കും മറ്റ് മാലിന്യങ്ങളും ,ചത്ത മൃഗങ്ങൾ, ഇങ്ങനെ വെള്ളം ഒഴുക്കി കൊണ്ടുവന്നത് ദുഃസ്വപ്നത്തിന്റെ സമ്മാനമായ കാഴ്ചകൾ. നരകതുല്യമായ അനുഭവങ്ങൾ പിന്നെയും ജനങ്ങളെ കാത്തിരിക്കുകയായിരുന്നു. നട്ടുച്ചയ്ക്കും ഇരുൾ പരത്തുന്ന മഴ ഓരോ നിമിഷവും പൊങ്ങുന്ന വെള്ളം .ടെറസിനുമുകളിൽ മേൽക്കൂരകളിൽ അഭയം തേടിയ ആയിരങ്ങൾ. കുടിക്കാനും കഴിക്കാനും ഒന്നുമില്ല.പുഴയേത് കരയേത് തിരിച്ചറിയാനാകാത്തവിധം വെള്ളം.

ഇത്തരം അനുഭവങ്ങൾ ,കാഴ്ചകൾ,എന്തിന് പേടി പോലും മലയാളിയുടെ മനസ്സിൽ ഉണ്ടായിരുന്നില്ല എന്നതാണ് സത്യം .പ്രളയത്തെ മുൻകൂട്ടി പ്രവചിക്കാനൊ, മുൻകരുതൽ നടപടിയെടുക്കാനോ നമ്മുടെ ദുരന്തനിവാരണ സേനകൾക്ക് ആയില്ല. നിറഞ്ഞുകവിയുന്നതിന് കുറച്ചുദിവസം മുൻപെങ്കിലും അൽപാൽപമായി ഡാമുകൾ തുറക്കേണ്ടതായിരുന്നില്ലേ? കാലാവസ്ഥയിലെ മാറ്റം തീവ്ര കാലാവസ്ഥ അനുഭവങ്ങൾ തുടർക്കഥയാവുകയാണ് . വെള്ളക്ഷാമം ഉഷ്ണകാലത്തും കടലാക്രമണം പിന്നീട് ഇതാ പ്രളയവും. പ്രകൃതി മാറുകയാണ് കാലാവസ്ഥയും ഇത് തിരിച്ചറിയാനെങ്കിലും തയ്യാറായാൽ കേരളത്തിന് ഇനി ഇത്തരം പ്രളയ കാലങ്ങളെ അതിജീവിക്കാനാവും .

ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വർദ്ധിച്ചപ്പോൾ സംഭവിച്ചത് ഇതാണ്. വെള്ളപ്പൊക്കം നാൽപതുനാൾ തുടർന്നു. ജലനിരപ്പുയർന്നു, ഭൂമുഖത്ത് ചിരിക്കുന്ന എല്ലാ ജീവജാലങ്ങളും ചത്തൊടുങ്ങി .പക്ഷികളും കന്നുകാലികളും കാട്ടുമൃഗങ്ങളും ഇഴ ജന്തുക്കളും മനുഷ്യരും ചത്തൊടുങ്ങി. മനസ്സിലും പ്രവർത്തിയിലും കൂടി ഓരോരുത്തർക്കും അതിജീവനത്തിന്റെ കോട്ട സൃഷ്ടിക്കണമെന്നാണ് പ്രളയകാലങ്ങൾ പഠിപ്പിക്കുന്നത്.

## നൂലില്ലാ പട്ടം

മനുഷ്യനൊപ്പം പക്ഷിയെയും മീനിനെയും പാമ്പിനെയും നാൽക്കാലികളെയും കരുതലിന്റെ കോട്ടയ്ക്കൊപ്പം ക്രൂട്ടണം. മണ്ണും പുഴയും കടലും വാസയോഗ്യമാകണമെങ്കിൽ ജീവനുള്ളവയെല്ലാം തമ്മിലുള്ള പരസ്പരത്തിലെ  സഹജീവനത്തിന്റെ അക്ഷരമാല പഠിച്ചേ മതിയാക്രൂ .സാക്ഷരരായ നമുക്കിതിന് കഴിയുമോ? എന്നാണ് പ്രളയകാലം ചോദിക്കുന്നത്



വര മഞ്ജിമ കെ എസ്

# കലാമേള 2018 19

2018 19 വർഷത്തെ സ്കൂൾ കലോത്സവം സെപ്തംബർ 13 14 വ്യാഴം വെള്ളി തീയതികളിൽ നടക്കുന്നതാണ് വ്യക്തിഗത ഇനങ്ങളിൽ 3 എണ്ണത്തിനും സ്റ്റേജിതര മത്സരങ്ങളിൽ മൂന്നെണ്ണത്തിലും ഗ്രൂപ്പിനങ്ങളിൽ മൂന്നെണ്ണത്തിന് ഒരു കുട്ടിക്ക് പങ്കെടുക്കാവുന്നതാണ് കുട്ടികളുടെ പേരുകൾ സെപ്റ്റംബർ ഏഴിനകം ഹൗസ് ചാർജ് വഹിക്കുന്ന അധ്യാപക അദ്ധ്യാപകർ വർഷം നൽകേണ്ടതാണ് 3 ഹൗസുകളുടെ അടിസ്ഥാനത്തിലായിരിക്കും മത്സരങ്ങൾ

റെഡ് blue ഗ്രീൻ എന്നിവയാണ്

ഹൗസുകൾ സ്റ്റേജിതര മത്സരങ്ങൾ 5 9 2018 ബുധനാഴ്ച മുതൽ ആരംഭിക്കുന്നതാണ് സ്റ്റേജിതര മത്സരങ്ങൾക്ക് പ്രത്യേകം പേരുകൾ നൽകേണ്ടതില്ല


സ്കൂൾ വിക്കി

സംസ്ഥാന അവാർഡ് നിറവിൽ വാകേരി ഹയർസെക്കൻഡറി

വാകേരി ഗവ. ഹയർസെക്കൻഡറി സ്കൂൾ

സ്വന്തം ലേഖകൻ

കൽപ്പറ്റ

'വാകേരിയിൽ ഒരു കുടിപ്പള്ളിക്കൂടമാണ് ആദ്യം ഉണ്ടായിരുന്നത്. ആ സ്കൂൾ സ്ഥാപിച്ച മാധവനാശാൻ തന്റെ അനുഭവങ്ങൾ വിവരിച്ചത് ഇങ്ങനെയാണ്-ഞാനാണ് ഇവിടെ സ്കൂൾ തുടങ്ങിയത്. 1951ൽ വന്നു 1961വരെ ഞാൻ നടത്തി 1962ൽ എൽ പിയായി. ആദ്യം ഞാറ്റാടി കോമൻ ചെട്ടിയുടെ വീട്ടിൽ. അതു കഴിഞ്ഞ് ഉടനെ പൂതാടി അധികാരിയുടെ നിർദ്ദേശപ്രകാരം ഞാറ്റാടിയിൽ ഒരു ഷെഡ്ഡ് കെട്ടി.(കുഞ്ഞിക്കണ്ണൻനമ്പ്യാർ) അന്നേരം വേറൊരു മാഷുണ്ടായിരുന്നു.(ഗോപാലൻ മാഷ്) അയാള് എന്റെ കൂടെ വന്നതാ നാട്ടിൽനിന്ന്. അപ്പോ ഇവിടെ ഞങ്ങൾ സ്കൂൾ തുടങ്ങി. വട്ടത്താനി വാകയിൽ ഭാസ്കരന്റെ വീട്ടിലാണ് തുടങ്ങിയത്. തിണ്ണയിൽ അഞ്ചാറ് കുട്ടികളെവച്ച് തുടങ്ങി. അതിനു ശേഷമാണ് ഞാറ്റാടിയിൽ ഷെഡ്ഡ് കെട്ടിയത്. നാട്ടുകാരും കുറുമരും എല്ലാം സഹായിച്ചിട്ടാണ് കെട്ടിയത്'.

സ്കൂൾ വിക്കിയിൽ ഏറ്റവും മികച്ച രീതിയിൽ വിവരങ്ങൾ നൽകുന്നതിന് സംസ്ഥാനതലത്തിൽ രണ്ടാം സ്ഥാനം ലഭിച്ച ഗവ.ഹയർസെക്കൻഡറി സ്കൂൾ വാകേരിയുടെ വിവരങ്ങൾ വിക്കിയിൽ ഇങ്ങനെ നീണ്ടുപോകും. ആദിവാസി ചരിത്രവും കുടിയേറ്റവും ചെട്ടിമാരുടെ ജീവിതവുമെല്ലാം പ്രതിപാദിച്ച് തയ്യാറാക്കിയ വിവരങ്ങൾക്ക് അർഹമായ അംഗീകാരമാണ് സ്കൂളിന് ലഭിച്ചത്. സ്കൂൾ വിക്കിയിൽ ഏറ്റവും മികച്ച രീതിയിൽ വിവരങ്ങൾ നൽകുന്ന സ്കൂളുകൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കേരളാ ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) നൽകുന്ന പുരസ്കാരമാണ് വാകേരിയെ തേടിയെത്തിയത്. സംസ്ഥാനത്തെ ഒന്നു മുതൽ പന്ത്രണ്ടുവരെയുള്ള പതിനായിരത്തോളം സ്കൂളുകളെ കൂട്ടിയിണക്കി കൈറ്റ് 2009ൽ ആരംഭിച്ച 'സ്കൂൾ വിക്കി' പോർട്ടൽ വിക്കിപീഡിയ മാതൃകയിൽ പങ്കാളിത്ത സ്വഭാവത്തോടെയാണ് വിവരശേഖരണം സാധ്യമാക്കുന്നത്. 50000 രൂപയും ട്രോഫിയും പ്രശംസാപത്രവും അടങ്ങുന്ന പുരസ്കാരം നാലിന് മലപ്പുറത്ത് നടക്കുന്ന ചടങ്ങിൽവിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി രവീന്ദ്രനാഥ് സമ്മാനിക്കും.

വാകേരിയുടെ സ്ഥലനാമചരിത്രം, സ്കൂൾ കിട്ടാനായി നൽകിയ 'കൈക്കൂലി', വളർച്ചയുടെ പടവുകൾ, സ്കൂളിലെ കുട്ടികളുടെ എണ്ണം, നിലവിലുള്ളതും മുൻകാലത്തുമുള്ള അധ്യാപകരുടെ സമ്പൂർണ വിവരങ്ങൾ, സ്കൂളിലെ ക്ലബുകൾ, പാഠ്യേതര പ്രവർത്തനങ്ങൾ, പൂർവ വിദ്യാർഥികളുടെ വിവരങ്ങൾ, സ്കൂളിന് ലഭിച്ച പുരസ്ക്കാരങ്ങൾ എന്നിങ്ങനെയുള്ള വിവരങ്ങൾ വാകേരി സ്കൂൾ വിക്കിയിലുണ്ട്. 2017 മുതൽ സ്കൂൾ കലോത്സവങ്ങളിലെ രചനാ മത്സരങ്ങളിലെ സൃഷ്ടികളും വിക്കിയിലുണ്ട്. സ്കൂളിന്റെ വിവരങ്ങൾ, ചരിത്രം, പ്രമുഖരായ പൂർവ വിദ്യാർഥികൾ, സ്കൂൾ മാപ്പ്, വിവിധ ക്ലബ്ബുകൾ തുടങ്ങിയവയും ലഭ്യമാണ്. വാകേരിയിൽ സ്കൂൾ ആരംഭിച്ചതിന് നേതൃത്വം നൽകിയവരുടെ വാമൊഴികളടക്കം രേഖപ്പെടുത്തിയിട്ടുണ്ട്. 2013ൽ സ്കൂളിന്റെ അമ്പതാം വാർഷികത്തിന്റെ തുടർച്ചയായി വിവരശേഖരണ പ്രക്രിയകൾക്ക് തുടക്കമിട്ടു. ലിറ്റിൽ കൈറ്റ് രൂപംകൊണ്ടതോടെയാണ് മികവുറ്റ സാങ്കേതിക വിദ്യയിലൂടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്ത് സ്കൂളിന് സംസ്ഥാനതലത്തിൽ മികച്ച നേട്ടം കൈവരിക്കാൻ അവസരമൊരുങ്ങിയത്. ലിറ്റിൽ കൈറ്റ് കോ-ഓർഡിനേറ്ററായ അധ്യാപകൻ കെ കെ ബിജുവിന്റെ നേതൃത്വത്തിൽ ഇരുന്നൂറോളം വിദ്യാർഥികൾ ഈ സംരംഭത്തിൽ പങ്കാളികളായി.

ജില്ലയിലെ ഏറ്റവും മികച്ച സ്കൂളിനുള്ള അവാർഡ് നിർമ്മല ഹൈസ്ക്കൂൾ കബനിഗിരിക്കാണ്. സെന്റ് തോമസ് എയുപി സ്ക്കൂൾ മുള്ളൻകൊല്ലിയാണ് രണ്ടാം സ്ഥാനത്തിന് അർഹത നേടിയത്. പൂർണമായും മലയാളത്തിലുള്ള സ്കൂൾ വിക്കി ഇന്ത്യൻ പ്രാദേശിക ഭാഷകളിലുള്ള ഏറ്റവും വലിയ ഡിജിറ്റൽ വിവര സംഭരണിയാണ്.

ക്ലാസുകൾ ഹൈടെക്ക്

സ്കൂളിലെ ഹൈസ്കൂൾ ക്ലാസുകളും ഹൈടെക്കാണ്. എൽപി മുതൽ ഹയർസെക്കൻഡറിവരെ ഏഴ് കെട്ടിടങ്ങളിലായി 35 ക്ലാസ് മുറികളും നാല് സയൻസ് ലാബുകളും മൂന്ന് കംപ്യൂട്ടർ ലാബുകളുമുണ്ട്. മൂന്ന് ലാബുകളിലുമായി 50 കംപ്യൂട്ടറുകളുണ്ട്. രണ്ട് ലാബുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്. മൂന്ന് സ്മാർട്ട് റൂമുകൾ വിദ്യാർഥികളുടെ പഠനാവശ്യത്തിന് ഉണ്ട്. ഇവയിൽ രണ്ട് റൂമുകളിൽ ബ്രോഡ്ബാന്റും വൈഫൈ ഇന്റർനെറ്റും ലഭ്യമാണ്.